മുനിസിപ്പൽ ഓഫീസ്,
പാലക്കാട്.
തീയതി : 25.02.2019

E2-26041/2018

## പാലക്കാട് നഗരസഭ

## ടെണ്ടർ/ക്വട്ടേഷൻ പരസ്യം

പാലക്കാട് നഗരസഭയുടെ 2018–19 വർഷത്തെ പദ്ധതി വിഹിതം റോഡ് – റോഡിതര മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഇതര ഫണ്ടുകൾ എന്നിവയിൽ ഉൾപ്പെടുത്തപ്പെട്ട 12 എണ്ണം പൊതുമരാമത്തു പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെട്ട അംഗീകൃത കരാറുകാരിൽ നിന്നും 8 പ്രവൃത്തികൾക്ക് ടെണ്ടറുകളും 4 പ്രവൃത്തികൾക്ക് ക്വട്ടേഷനുകളും ക്ഷണിച്ചുകൊള്ളുന്നു. പ്രവർത്തിയുടെ പേരെഴുതിയ മുദ്രവെച്ച കവറുകളിലായിരിക്കണം ടെണ്ടറുകൾ/ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടത്. ക്വാട്ട് ചെയ്ത നിരക്ക് ഉൾപ്പെടെ 2.5% സംഖ്യക്ക് തുല്യമായ തുകക്കുള്ള നിരതദ്രവ്യം, പ്രാഥമിക ഉടമ്പടി എന്നിവയും ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. LSGD, PWD എന്നിവയിൽ തൽസമയം നിലവിലുള്ള എല്ലാ നിബന്ധനകളും, നിയമങ്ങളും ഈ ടെണ്ടറുകൾക്കും/ക്വട്ടേഷനുകൾക്കും ബാധകമായിരിക്കും. ഏതൊരു ടെണ്ടറും/ക്വട്ടേഷനും കാരണം കൂടാതെ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനുമുള്ള അധികാരം കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. ടെണ്ടർ/ക്വട്ടേഷൻ ഫാറങ്ങൾ ലഭിക്കുന്ന തിയതിയും, ടെണ്ടർ/ക്വട്ടേഷൻ സമർപ്പിക്കേണ്ട തിയതിയും ചുവടെ ചേർക്കുന്നു.

| **ഫാറം ലഭിക്കുന്ന തിയതി** | **ടെണ്ടർ/ക്വട്ടേഷൻ സമർപ്പിക്കേണ്ട തിയതി** | **ടെണ്ടർ/ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന തിയതി** |
|---|---|---|
| 06.03.2019, 3.00 മണിവരെ | 07.03.2019, 1.00 മണിവരെ | 07.03.2019 - 4.00pm |

ക്വട്ടേഷൻ സമർപ്പിക്കുന്ന പ്രവൃത്തികളുടെ സ്പെസിഫിക്കേഷനും മറ്റു വിശദാംശങ്ങളും ഓഫീസ് പ്രവൃത്തി സമയത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്. കൂടാതെ ഓരോ പ്രവർത്തിക്കുമുള്ള ടെണ്ടർ ഫാറത്തിന്റെ വില, നിരതദ്രവ്യം, അടങ്കൽ തുക, എന്നിവയും കൂടുതൽ വിവരങ്ങളും പ്രവർത്തി സമയത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നേരിൽ അറിയാവുന്നതാണ്. ടെണ്ടറുകൾ മേൽ തിയതിയിൽ ഹാജറുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.

മുനിസിപ്പൽ എഞ്ചിനീയർ
പാലക്കാട് നഗരസഭ

ഓഫീസ് നോട്ടീസ് ബോർഡ്
വെബ് സൈറ്റ്